# മില്ല്യൺ ഡോളർ വികസന പ്രതീക്ഷയുണർത്തി നീര

**യൂസുഫലി വലിയോറ** (പ്രസിഡന്റ്, വേങ്ങര നാളികേര ഉൽപാദക ഫെഡറേഷൻ)



വിരിയാത്ത തെങ്ങിൻ പൂങ്കുലയിൽ നിന്നും ചെത്തി എടുക്കുന്ന മദ്യാംശം ഇല്ലാത്ത പോഷക സമ്പുഷ്ടമായ പ്രകൃതിദത്ത ആരോഗ്യ പാനീയമാണ് നീര. കേര കർഷകരുടെ ഭാവിയേയും കേരളത്തിന്റെ കേരഭക്ഷ്യസംസ്കരണ വ്യവസായരംഗത്തെയും ഏറെ ഗുണപരമായി മാറ്റിയെടുക്കാനുള്ള സുവർണ്ണാവസരമാണ് നീര ഉൽപ്പാദനത്തിലൂടെ കേരളത്തിന് ലഭ്യമായിരിക്കുന്നത്. ഏറെ ആഹ്ലാദത്തോടെയും അതിലേറെ പ്രതീക്ഷയോടെയുമാണ് കേര കർഷകർ ഒന്നടങ്കം ഇതിനെ നോക്കി കാണുന്നത്. കേര കർഷകന്റെ സാമ്പത്തിക ഉന്നമനത്തിനും നാടിന്റെ സമ്പദ് വ്യവസ്ഥയിലും നിർണ്ണായക മാറ്റം വരുത്താനുതകുന്ന പാനീയമായ നീര ദൈവത്തിന്റെ സ്വന്തം നാടിന്റെ 'ദേശീയ ആരോഗ്യ പാനീയമാണ്.' നീര വ്യവസായം കേരളത്തിലും ആരംഭിക്കാനുള്ള സുദീർഘമായ ചർച്ചകൾക്ക് അപ്പുറമായി അതിന് പ്രായോഗിക രൂപം നൽകാനുള്ള ഉത്തരവുകൾ സർക്കാർ പുറത്തിറക്കിയിരിക്കുന്ന ശുഭ കാലഘട്ടമാണിത്. നീര ഉൽപ്പാദനം എറണാകുളത്തും, പാലക്കാട്ടും, കാസർകോട്ടും ആരംഭിച്ചത് ശുഭ സൂചനയാണ്. ഗ്രാമ തലത്തിൽ 5000 തെങ്ങുകൾ ഉൾക്കൊള്ളുന്ന ഉൽപ്പാദക സംഘവും 20 സംഘങ്ങൾ ചേർന്നുള്ള ഫെഡറേഷനും അതിനു മുകളിൽ 10 ഫെഡറേഷനുകൾ ചേർന്നുള്ള പ്രൊഡ്യൂസർ കമ്പനികളുമാണ് ഇപ്പോൾ നീര വ്യവസായങ്ങളിൽ പ്രവർത്തിക്കുന്നത്. ഇത്തരം കമ്പനികൾ കേരളത്തിൽ രൂപമെടുത്തു കഴിഞ്ഞിരിക്കുന്നു. ഒരു കമ്പനിയുടെ പ്രവർത്തന പരിധിയിൽ 10 ലക്ഷം നീര ചെത്തുന്ന തെങ്ങുകൾ വരെയാകാം. ഇതെല്ലാം മോഹങ്ങൾ വർദ്ധിപ്പിക്കുന്ന സന്തോഷ കാര്യങ്ങളാണ്.

നിലവിലുള്ള നാളികേര ബോർഡിന്റെ 173 ഫെഡറേഷനുകൾക്കും 1500 തെങ്ങുകൾ നീര വ്യവസായത്തിന് ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകി കഴിഞ്ഞുവെന്നാ ണ് അറിയാൻ സാധിച്ചത്. കേരളത്തിൽ ഇതിനകം രൂപീകരിച്ച കമ്പനികൾക്കായി 15 കോടി രൂപ ഒരു സർക്കാർ പ്ലാന്റ് നിർമ്മാണത്തിന് നൽകാമെന്ന് മുഖ്യമന്ത്രി കോട്ടയത്തെ നീര വ്യവസായ സമ്മേളനത്തിൽ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ഒന്നാമത്തെ കേര കർഷ ക കമ്പനിയായ കണ്ണൂർ തേജസ്വനിക്ക് ഇതിനകം തന്നെ വിദേശത്തു നിന്നും വ്യാപാരാന്വേഷണം ലഭിച്ചുവെന്നും മുതലമട കവിസ്കി നീര വിൽപനക്ക് വൻ പ്ലാന്റുകൾ തയ്യാറാക്കിയെന്നുമുള്ള റിപ്പോർട്ടുകൾ നാളികേര വികസന ബോർഡിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം പുറത്തിറക്കിയിരിക്കുന്നു. പ്രതിദിനം 10000 ലിറ്റർ ഉൽപാദിപ്പിക്കുന്ന പ്ലാന്റുകളാണ് കേരളത്തിൽ രൂപമെടുക്കുന്നത് എന്നുകൂടി വ്യക്തമാക്കപ്പെട്ടിരിക്കുന്നു.



വൈകിയെങ്കിലും നീരയുടെ ലോകമാകെ പടർന്നു പന്തലിക്കുന്ന വൻ വാണിജ്യ ശൃംഖലയിലേക്ക് നമ്മളും മാറുകയാണല്ലോ, മുന്നേറാൻ വളരെ സൗകര്യങ്ങൾ ഉണ്ടുതാനും. പക്ഷെ, നീരയുടെയും വിവിധ നീര വിഭവങ്ങളുടെയും വിപണി നാം കേൾക്കുന്നതിനേക്കാൾ വളരെ മുമ്പോട്ട് പോയിരിക്കുന്നു. നീര ഉൽപന്ന വ്യവസായവും അവയുടെ വിപണനവും രണ്ടു പടുകുറ്റൻ വളർച്ചാ മേഖലകളാണ്. ഉദാഹരണത്തിന് തായ്‌ലണ്ടും ഫിലിപ്പൈൻസും ഇന്തോനേഷ്യയും ഒക്കെ നീര കൊണ്ട് വ്യവസായ വാണിജ്യ സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുകയാണ്. ഇതിനെനാം നേരിൽ പോയി കണ്ടു പഠിക്കണം. വിജ്ഞാനം പാശ്ചാത്യ രാജ്യങ്ങളിലേ ഉള്ളൂ എന്ന മിഥ്യാ ബോധം മാറ്റണം.

ഫിലിപ്പൈൻസും ഇന്തോനേഷ്യയും നീര ഉൽപന്ന വിപണന രംഗത്ത് അതികായന്മാരായി കഴിഞ്ഞിരിക്കുന്നു. നമുക്ക് തൽക്കാലം തായ്‌ലണ്ടിനെ നോക്കാം. ആറു കോടി ജനങ്ങൾ മാത്രമുള്ള ഒരു കൊച്ചു രാജ്യമാണ് തായ്‌ലണ്ട്. ലോക വിപണിയിൽ ഏറ്റവും കൂടുതൽ *'അരി'* കച്ചവടത്തിന് എത്തിക്കുന്ന രാഷ്ട്രം കൂടിയാണ്. റബ്ബറും തെങ്ങുമൊക്കെ നമ്മെപ്പോലെ കൃഷി ചെയ്യുന്നു. പരമ്പരാഗത കേര വിഭവങ്ങളെ ലോക വിപണിയിലേക്ക് കടത്തിവിട്ട് പണം വാരി കൂട്ടാനുള്ള ശ്രമത്തിലാണ് അവർ. നീരയാണ് ഒരു പ്രധാനവിഭവം. അതിൽ നിന്നും പാനീയവും പഞ്ചസാരയും ജാമും സ്‌ക്വാഷുമൊക്കെ ഉണ്ടാക്കി വിദേശികളെയും വിദേശ വിപണിയെയും അവർ ആകർഷിക്കുന്നത് നമ്മളെല്ലാം അറിയേണ്ട ഒരു കാര്യമാണ്. ഇവ നിർമ്മിച്ചു നൽകുന്ന നിരവധി കമ്പനികൾ അവിടെയുണ്ട്. അതിലൊന്നാണ് "ചിവാടി" സ്ത്രീകളാണ് ഇത്തരം യത്നങ്ങളുടെ മുന്നിൽ.

ചിവാടി കമ്പനിയുടെ ഏറ്റവും പുതിയ സംരംഭമായി റിപ്പോർട്ട് ചെയ്യുന്നത് നമ്മെ വളരെ ആകർഷിക്കും. വിശിഷ്ട വിഭവങ്ങൾ നീരയിൽ നിന്നും ഉണ്ടാക്കി വിൽക്കുന്നതാണ് അത്യാകർഷകം. തീരെ ആൽക്കഹോൾ ഇല്ലാത്ത നീരയിൽ നിന്നും ലോകത്തെ വെല്ലുന്ന ഒരു വിശിഷ്ട പാനീയം അവർ ഉണ്ടാക്കുന്നു. കേരാമൃതമായ നീരയെ പല തരം പരിപാലനത്തിന് വിധേയമാക്കിയാണ് ഇത് തയ്യാറാക്കുന്നത്. കിഴക്കിന്റെ അതിവിശിഷ്ടമായ നാളികേര പൂക്കുല സത്താ യ നീരയിൽ നിന്ന് ഉണ്ടാക്കുന്ന ആഢ്യപാനീയമാണ്. എല്ലാ കുലീനമായ ഉന്നത യോഗങ്ങളിലും ഒത്തുകൂടലുകളിലും വിളമ്പുന്നത്. ലോകോത്തര വൈനുകളേക്കാൾ ഇതു മനോഹരമത്രെ. ഇതിന്റെ സുഗന്ധം, സ്വർണ്ണ നിറം ഇവയ്ക്കു പുറമെ അതു ലഭ്യമാക്കുന്ന ഉയർന്ന ആരോഗ്യ നിലവാരം ആൽക്കഹോളിന്റെ സമ്പൂർണമായ അസാന്നിദ്ധ്യം ഇവയെല്ലാം ഇതിന്റെ വൈശിഷ്ട്യം വർദ്ധിപ്പിക്കുന്നു.

നീര പഞ്ചസാരയാണ് ഇപ്പോൾ നീരാധിഷ്ഠിത ഉൽപ്പന്നങ്ങളിൽ പ്രമുഖൻ. ഇത് നൽകുന്നതിനേക്കാൾ 30% അധിക ലാഭം പുതിയ പാനീയം കൃഷികാർക്ക് നൽകുമെന്നും അവകാശവാദമുണ്ട്. ഇത് തയ്യാറാക്കുന്നത് ഒരു കലയും ശാസ്ത്രവുമാണ്. ഇന്ത്യയിലും ഇത് എത്തിച്ചേർന്നിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഉത്തരം പെട്ടെന്ന് പറയാനാവില്ല. ബിസിനസ്സ് ലോകത്തെ അതി വമ്പന്മാർ ഒത്തുകൂടുന്ന എല്ലായിടത്തും പുതിയ നീര പാനീയം എത്തിരിയിക്കണം എന്നുമാത്രം.

പരമ്പരാഗത നാളികേര വിഭവങ്ങൾക്ക് ആധുനിക പരിവേഷം നൽകി വിശിഷ്ട വിഭവങ്ങളാക്കി അവതരിപ്പിക്കുമ്പോൾ അതിനു ലഭിക്കുന്ന സ്വീകരണവും വിപണിയും അത്ഭുതപ്പെടുത്തും. തായ്‌ലണ്ടും ഫിലിപ്പൈൻസുമൊക്കെ ഇതിൽ മുൻപന്തിയിലാണ്. ഉദാഹരണത്തിന് നമുക്കെല്ലാമറിയാവുന്ന ഒരു കേര വിഭവമത്രെ പൊങ്ങ്. പൊങ്ങ് ഇപ്പോൾ പണം വാരുന്ന ഒരു ആഹാര വിഭവമായി മാറിയിരിക്കുന്നു ഫിലിപ്പൈൻസിൽ. 365 ദിവസവും പൊങ്ങ് ലഭ്യമാക്കാൻ വൻ ഹോട്ടലുകൾ തേങ്ങ പാകി നഴ്സറിയിൽ പൊങ്ങ് തയ്യാറാക്കുകയാണ് ഫിലിപ്പൈൻസിൽ.

നമുക്കും പൊങ്ങ് കൊണ്ടുള്ള വിഭവങ്ങൾ തയ്യാറാക്കാൻ അറിയില്ല എന്നു പറയുന്നത് ശരിയല്ല. പക്ഷെ, നാം അതിന്റെ പിന്നിലെ വാണിജ്യ വ്യവസായ സാധ്യത നോക്കി കണ്ട് പ്രവർത്തിക്കുന്നില്ല.

തേങ്ങ കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ വിളയുന്നത്. ആന്ധ്രയിലും തമിഴകത്തിലും ഗുജറാത്തിലും കർണാടകത്തിലും മഹാരാഷ്ട്രയിലും ഗോവയിലും ബംഗാളിലുമൊക്കെ തെങ്ങു കൃഷിയുണ്ട്. അവർക്കും ഇതൊക്കെ ആകാം. അവർ വ്യവസായത്തിൽ നമ്മെക്കാൾ ചുണയന്മാരുമാണ്.

നീര ഉൽപാദനത്തിന്റെ മേഖല ലോകത്ത് എത്രമാത്രം വേഗം വളരുന്നു എന്നറിയുമ്പോൾ തന്നെ പല വിദേശ രാജ്യങ്ങൾക്കും നീര വിഭവങ്ങൾ പണമാകണമെങ്കിൽ മറ്റു രാജ്യങ്ങളിലേക്ക് കയ റ്റി അയച്ചാലേ പറ്റുകയുള്ളൂ. അവരുടെ ആഭ്യന്തര വിപണി അത്ര യ്ക്ക് ചെറുതാണ്. അവരുടെയെല്ലാം ഒരു വലിയ വിപണി ഇന്ത്യയാണ്. മെയ് മാസം പിറന്നു കഴിയുമ്പോൾ അവരിൽ പലരും നീര വിഭവങ്ങളുമായി ഇന്ത്യൻ മെട്രോകളിൽ ഇറങ്ങുമെന്ന വാർത്തകളും സുലഭം. കേരളത്തിലും ഇതെത്തുമെന്നത് തീർച്ചയാണ്.

നീരയുടെ കാര്യത്തിലും അതു നടക്കാനുള്ള തെങ്ങിന്റെ ലൈസൻസ് നൽകുന്നതിലും അതു അളക്കാൻ അവകാശം ഉറപ്പിക്കുന്നതിലും ടാക്സ് ശേഖരിക്കാനുള്ള അധികാരത്തിനും സർവോപരി വിൽക്കാനുള്ള കുട്ടയ്ക്ക് അനുവാദം നൽകുന്നതിനുമൊക്കെ സാമ്രാജ്യങ്ങൾ സൃഷ്ടിക്കാൻ വകുപ്പുകളെ കണ്ടെത്തുന്ന രീതിയിൽ നാം മുന്നോട്ട് പോയാൽ ഇന്ത്യക്കാർ തായ്‌ലണ്ടിലും ഫിലിപ്പൈൻസിലും നിന്നു നീര വാങ്ങി കഴിച്ച് തൃപ്തരാകും. ഉപഭോക്താക്കൾക്ക് നല്ല വിഭവമാണ് ആവശ്യം. അതും വേഗത്തിൽ ലഭിക്കണം. എവിടെ ഉണ്ടാക്കുന്നു എന്നത് രണ്ടാമത്തെ കാര്യം മാത്രം. ഇന്ത്യ ഇപ്പോൾ തുറന്ന വിപണിയാണ്.

നീരയുടെ കാര്യത്തിൽ, 20 കോടി തെങ്ങുകൾ നീര തരാൻ തയ്യാർ. അതു ഉപയോഗിച്ച് കേരളത്തിനെഐശ്വര്യപൂർണ്ണമാക്കാൻ നാം തയ്യാറാണോ ? *അതാണ് മില്യൺ ഡോളർ വികസന പ്രതീക്ഷ നമ്മെ ഉണർത്തുന്നത്.*

